LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 70 ഷെഡ്യൂളിനുമുകളിലും മിനിമം 4 ഏക്കർ സ്ഥലവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉണ്ടെങ്കിൽ സബ് ഡിപ്പോ ഡിപ്പോയായി ഉയർത്താവുന്നതാണ്.

(ബി) 56 എണ്ണം.

സർവ്വീസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 23 സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9 എണ്ണം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണമാണ് സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്.

(ഇ) സബ് ഡിപ്പോ ജില്ലാ ഡിപ്പോയായി ഉയർത്തുമ്പോൾ പ്രവർത്തന ചെലവ് വളരെ കൂടുതലാകും. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്തരം അധിക ബാദ്ധ്യതകൾ ഏറ്റെടുക്കാൻ നിർവ്വാഹമില്ല.

പാലക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി

183 (633) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എവിടെയൊക്കെ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ ;

(ബി) എത്ര ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് ; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ഏതൊക്കെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പുരോഗമിക്കുന്നു ; അവ എന്നത്തേക്ക് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ ;

(ഡി) പാലക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ ആയത് ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെഭാഗമായി ബി.ഒ.റ്റി. അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാം ഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടമായി 30 ബസ്സ്റ്റേഷനുകളിൽ അങ്കമാലി,

* [illegible]ൽ വച്ചിട്ടുണ്ട്.

കോഴിക്കോട്, തിരുവനന്തപുരം, സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ്സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.) മുഖാന്തിരം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിച്ച് 2011 ജനുവരി 19-ന് ഉദ്ഘാടനംചെയ്തു.

(സി) കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ) എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്. ആദ്യഘട്ടത്തിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കോഴിക്കോട് ഷോപ്പിംഗ് കോംപ്ലക്സ് 2011 ഡിസംബറിലും തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ) 2012 ജൂണിലും തിരുവല്ല 2012 മേയിലുമാണ് പൂർത്തീകരിക്കാൻ പദ്ധതിയുള്ളത്.

(ഡി) പാലക്കാടിന്റെ രൂപരേഖ തയ്യാറാക്കി കെ.എസ്.ആർ.ടി.സി. ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശരാശരി പ്രതിമാസ വരുമാനം

184 (634) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ശരാശരി പ്രതിമാസ വരുമാനം ഇപ്പോൾ എത്രയാണ് ;

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ എണ്ണം എത്രയാണ് ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഡിപ്പോയ്ക്കായി അനുവദിച്ച ബസ്സുകളുടെ ഇനവും എണ്ണവും വെളിപ്പെടുത്തുമോ ;

(ഡി) 2006 മാർച്ച് മാസത്തിൽ പ്രസ്തുത ഡിപ്പോയിൽനിന്നും പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു ?

ഉത്തരം

(എ) 2,63,94,231 രൂപ.

(ബി) 104 എണ്ണം.

(സി) സൂപ്പർ ഡീലക്സ്	–	2
സൂപ്പർ ഫാസ്റ്റ്	–	10
ഫാസ്റ്റ് പാസഞ്ചർ	–	25
ഓർഡിനറി	–	19
ആകെ	–	56

(ഡി) 92 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly